(ഡി) വനം വകുപ്പിന്റെ ശ്രുതകർമ്മസേന പുൽമേട്ടിൽ ഉണ്ടായിരുന്നോ ;

(ഇ) തീർത്ഥാടകർക്ക് ഇവിടെ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വണ്ടിപ്പെരിയാർ പുൽമേട്ടിൽ സത്രം സെക്ഷനിൽ 1 ഫോറസ്റ്ററും 4 ഫോറസ്റ്റ് ഗാർഡുമാരും ഉപ്പുപാറ സെക്ഷനിൽ 1 ഫോറസ്റ്ററും 2 ഫോറസ്റ്റ് ഗാർഡുമാരും സ്ഥിരമായി ഡ്യൂട്ടിയിലുണ്ട്. ഈ കൊല്ലം മകരവിളക്ക് സമയത്ത് ഈ ഉദ്യോഗസ്ഥരെ കൂടാതെ ചുഴി സെക്ഷനിലെ 1 ഫോറസ്റ്ററും 3 ഫോറസ്റ്റ് ഗാർഡുമാരും തേക്കടി ഫ്ളൈയിംഗ് സ്കാഡിലെ 3 ഫോറസ്റ്റ് ഗാർഡുമാരും ഈ ഭാഗത്ത് സേവനം അനുഷ്ഠിക്കുന്നുണ്ട്. മേൽ പറഞ്ഞ 15 വനം ഉദ്യോഗസ്ഥരെ കൂടാതെ 16 ഫോറസ്റ്റ് വാച്ചർമാരും 36 ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളും ഈ ഭാഗത്ത് സേവനം അനുഷ്ഠിച്ചിരുന്നു.

(ബി) സത്രം സെക്ഷൻ ഫോറസ്റ്ററാണ് ഇവിടത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇദ്ദേഹം ഉപ്പുപാറ-സ്വാമി അയ്യപ്പ പുങ്കാവന-വന പുനരുദ്ധാരണ ഇക്കോഡവലപ്മെന്റ് കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ സെക്രട്ടറി കൂടിയാണ്.

(സി) മകരവിളക്ക് ദിവസം 15 വനം വകുപ്പ് ഉദ്യോഗസ്ഥരും ഡ്യൂട്ടിയിലുണ്ടായിരുന്നു.

(ഡി) പുൽമേട്ടിൽ ശ്രുതകർമ്മസേനയെ നിയോഗിച്ചിരുന്നില്ല. ചന്ദന സംരക്ഷണം, വനസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ശ്രുതകർമ്മസേനയെ നിയോഗിക്കുന്നത്.

(ഇ) കാനന പാതയുടെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കി. കാട്ടുതീയിൽ നിന്നും വന്യജീവികളിൽ നിന്നും തീർത്ഥാടകർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഫയർലൈൻ തെളിയിക്കുകയും കൺട്രോൾ ബേർണിംഗ് നടത്തുകയും ചെയ്യുന്നു. തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് ക്യാമ്പ്, വയർലസ്സ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകി. കൂടാതെ ആവശ്യമായ ഘട്ടത്തിൽ തീർത്ഥാടകർക്ക് പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കാനും ആരോഗ്യ വകുപ്പിന് അനുമതി നൽകി. ഭക്ഷണ പദാർത്ഥങ്ങൾ, വെള്ളം വിതരണത്തിന് സേവനകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശീയരായ ഇ.ഡി.സി. അംഗങ്ങൾക്കും, സന്നദ്ധ സംഘടനയായ അയ്യപ്പസേവാ സംഘത്തിനും വേണ്ട അനുമതിയും സൗകര്യവും വനം വകുപ്പ് നൽകിയിട്ടുണ്ട്.

വണ്ടിപ്പെരിയാർ പുൽമേട്ടിലെ വാഹന ഗതാഗതം

238(945) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടിപ്പെരിയാർ പുൽമേട്ടിലേക്ക് വാഹനങ്ങൾ കടത്തിവിടുന്നതിന് ടോൾ പിരിവ് നടത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷം ടോൾ പിരിവിലൂടെ വനം വകുപ്പിന് എത്ര തുക ലഭിച്ചിട്ടുണ്ട് ;

(സി) ഈ വർഷം എത്ര വാഹനങ്ങൾ ടോൾ ഗേറ്റ് കടന്ന് പുൽമേട്ടിലേക്ക് പോയിട്ടുണ്ട് ;

(ഡി) മകരവിളക്ക് ദിവസത്തെ വാഹന ഗതാഗതത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശബരിമല സീസണിൽ നാലാം മൈൽ വഴി പുല്ലുമേട്ടിലേക്ക് വാഹനങ്ങൾ കടത്തിവിടുന്നതിന് വള്ളക്കടവ് ചെക്ക് പോസ്റ്റിൽ കടുവാ സങ്കേതത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള എൻട്രി ഫീ വാങ്ങുന്നുണ്ട്.

(ബി) 11-12-2010 മുതൽ 14-1-2011 വരെ എൻട്രി ഫീയായി 2,84,325 രൂപ ലഭിച്ചിട്ടുണ്ട്.

(സി) വള്ളക്കടവ് ചെക്ക് പോസ്റ്റിലെ രേഖകൾ അനുസരിച്ച് ഈ വർഷം 11-12-2010 മുതൽ 14-1-2011 വരെ 6111 പ്രൈവറ്റ് വാഹനങ്ങൾ പുല്ലുമേട് പ്രദേശത്തേക്ക് പോയിട്ടുണ്ട്. ഇതു കൂടാതെ കെ.എസ്.ആർ.റ്റി.സി. 655 ട്രിപ്പ് നടത്തിയിട്ടുണ്ട്.

(ഡി) മകരവിളക്ക് ദിവസം (14-1-2011) വള്ളക്കടവ് ചെക്ക് പോസ്റ്റ് വഴി 1209 പ്രൈവറ്റ് വാഹനങ്ങൾ പുല്ലുമേട് വന പ്രദേശത്തേക്ക് കടത്തി വിട്ടിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.റ്റി.സി.-യുടെ 94 ട്രിപ്പുകൾ വള്ളക്കടവ് ചെക്ക് പോസ്റ്റ് വഴി കടത്തി വിട്ടിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തുക

239(948) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജി മോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും വിളനാശം, വീടുനഷ്ടം, കന്നുകാലി സമ്പത്തുനഷ്ടം എന്നിവയ്ക്കും നിലവിൽ നൽകുന്ന നഷ്ടപരിഹാരത്തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ; ഇതു വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ബി) വനമേഖലയിൽ താമസിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) പ്രകൃതിദുരന്തംമൂലം മരണമടയുന്നവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണോ ?

LIBRARY ARCHIVES Kerala Legislative Assembly